# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -307

10.05.2017 ൽ മറുപടിയ്ക്ക്

## പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദപരമാക്കുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. പി.കെ. ശശി<br>ശ്രീ. ആർ. രാജേഷ് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് അമിത രാഷ്ട്രീയവൽക്കരണത്തിന്റെ ഫലമായി പോലീസ് സേന നിർവീര്യമാക്കപ്പെട്ടെന്ന ആക്ഷേപം പരിഹരിച്ച് ക്രമസമാധാന- പാലനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) ക്രമസമാധാനപാലനത്തിന് പോലീസ് സേന സജ്ജമാണ്. യാതൊരു വിധ നിർവീരീകരണവും ഇപ്പോൾ പോലീസ് സേനയെ ബാധിച്ചിട്ടില്ല.<br>ക്രമസമാധാനപാലനം മെച്ചപ്പെടുത്തുന്ന-തിന്റെ ഭാഗമായി ഗുരുതര സ്വഭാവമുള്ള കുറ്റകൃത്യങ്ങളെ അതിന്റെ വകുപ്പ് അനുസരിച്ച് പുനർ നിശ്ചയിക്കുകയും ഇത്തരം കേസുകളുടെ അന്വേഷണ ചുമതല സി.ഐ.മാരെ ഏൽപ്പിച്ച്കൊണ്ടും സംസ്ഥാന പോലീസ് മേധാവി 02/02/2017-ൽ സർക്കുലർ നമ്പർ 6/2017 ആയി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>ക്രമസമാധാനപാലനം ശക്തിപ്പെടുത്തുന്ന-തിനായി ഈ സർക്കാരിന്റെ കാലത്ത് ജനമൈത്രീ പോലീസ് സംവിധാനം എല്ലാ പോലീസ് സ്റ്റേഷനുകളിലും വ്യാപിപ്പിച്ചും പോലീസ് ബീറ്റ് സംവിധാനം ശക്തിപ്പെടുത്തിയും പൊതുജനപങ്കാളിത്ത-ത്തോടുകൂടി ബീറ്റ് സമിതി രൂപീകരിച്ചും അപ്പപ്പോഴുണ്ടാകുന്ന ചെറിയ ക്രമസമാധാന പ്രശ്നങ്ങളിൽ നേരിട്ട് ഇടപെട്ട് രമ്യമായി പരിഹരിക്കുന്നതിനും അതുവഴി സാമൂഹ്യ വിരുദ്ധ ശക്തികളെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിനും കഴിഞ്ഞു വരുന്നു. കൂടാതെ സ്ത്രീകളുടെയും, കുട്ടികളുടെയും പ്രത്യേക സുരക്ഷയ്ക്കായി പിങ്ക് പോലീസ് പട്രോളിംഗ്, വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ഹെൽപ്പ് ഡെസ്ക്, വയോജനങ്ങൾക്കായി സീനിയർ |

സിറ്റിസൺ ഹെൽപ്പ് ഡെസ്ക് മുതലായവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിയും ക്രമസമാധാനപാലനം പരിപാലിച്ചു വരുന്നു.

പൊതുസ്ഥലങ്ങൾ, സ്കൂൾ, കോളേജ്, ഓഫീസുകൾ, ലേഡീസ് ഹോസ്റ്റലുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും പിങ്ക് പട്രോൾ സംഘം പട്രോളിംഗ് നടത്തി വരുന്നു. അത്യാവശ്യഘട്ടങ്ങളിൽ സ്ത്രീകൾക്ക് പിങ്ക് പട്രോൾ സഹായത്തിനും വിവരങ്ങൾ അറിയിക്കുന്നതിനും 1515 എന്ന നമ്പരിലേക്ക് ഏത് സമയത്തും വിളിക്കുന്നതിനും, ഏത് അടിയന്തിര സാഹചര്യവും നേരിടുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ട്രാഫിക്ക് ബോധവൽക്കരണത്തിനുവേണ്ടി ശുഭയാത്ര എന്ന പദ്ധതി നടപ്പാക്കി വരുന്നു.

സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിർഭയ കേരളം സുരക്ഷിത കേരളം എന്ന പദ്ധതി സംസ്ഥാന പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസ് പദ്ധതിയിലൂടെ നിയമത്തെ അനുസരിക്കുന്ന ഒരു ജനതയെ വാർത്തെടുക്കുവാനുള്ള ഒരു ശ്രമം നടത്തുന്നുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിലേയ്ക്കും, അവരുടെ പരാതികൾ പരിഹരിക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരത്ത് ഒരു സംസ്ഥാന വനിതാ സെല്ലും ജില്ലകളിൽ വനിതാ സെല്ലുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഈ സെല്ലുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനും നിലവിലുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ സഹായത്തിനായി വുമൺ ഹെൽപ്പ് ലൈൻ നമ്പർ 181 പ്രവർത്തിച്ച് വരുന്നുണ്ട്. ഇതു കൂടാതെ പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡസ്ക് പ്രവർത്തിച്ചു വരുന്നു.

(ബി) സാമൂഹ്യ വിരുദ്ധരെയും ഗുണ്ടകളെയും അമർച്ച ചെയ്യാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഗുണ്ടാ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുവാനായി സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ആന്റി ഗുണ്ടാ സ്ക്വാഡും (SAGS) എല്ലാ ജില്ലകളിലും ഗുണ്ടാ വിരുദ്ധ സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. ഗുണ്ടകളെ കുറിച്ചുള്ള വിവരങ്ങൾ ഗുണ്ടാ വിരുദ്ധ സ്ക്വാഡ് വഴിയും

വിശ്വസ്തരായ ആളുകളിൽ നിന്നും ശേഖരിക്കുകയും ഇവരുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്തു വരുന്നു. അപ്രകാരം ജില്ലകളിലെ ആന്റി സോഷ്യലുകളുടെ വിശദമായ പട്ടിക തയ്യാറാക്കിയിട്ടുള്ളതും ടിയാളുകളുടെ കേസുകളുടെ സ്വഭാവത്തിന്റെയും നിലവിലെ പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിലെ ഹാർഡ് കോർ ക്രിമിനൽ, ആക്ടീവ് ക്രിമിനൽ, ഇനാക്ടീവ് ക്രിമിനൽ എന്നിങ്ങനെ മൂന്നായി തരംതിരിച്ച് ടിയാളുകളുടെ പ്രവർത്തനം നിരീക്ഷിച്ചു വരുന്നു. ഇത്തരം സാമൂഹ്യവിരുദ്ധരെപറ്റിയുള്ള വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികളെയും, ജില്ലാ കളക്ടർമാരെയും റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽമാരെയും അറിയിക്കുകയും ഇവരുടെ പേരിൽ ക്രിമിനൽ നടപടി നിയമത്തിലെ സുരക്ഷാ നടപടി ക്രമങ്ങൾ പാലിച്ചും KAAPA ആക്ട് ഉൾപ്പെടെയുള്ള കർശനമായ നിയമാനുസൃത മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തു വരുന്നു. ഇക്കാര്യത്തിലുള്ള തുടർ നടപടികളും രഹസ്യാന്വേഷണ വിഭാഗം നിരീക്ഷിച്ച് വരുന്നു. എല്ലാ സ്ഥലങ്ങളിലും പോലീസിന്റെ സാന്നിധ്യം ഉറപ്പു വരുത്തി പോലീസ് പട്രോളിംഗ് കാര്യക്ഷമമായി നടത്തി വരുന്നതും ക്രമസമാധാന ലംഘകർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുംവരുന്നു.

(സി) സാധാരണക്കാർക്ക് നിർഭയം കടന്നു ചെല്ലാവുന്ന രീതിയിൽ പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദപരമാക്കുന്നതിന് ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

(സി) സാധാരണക്കാർക്ക് നിർഭയം പോലീസ് സ്റ്റേഷനുകളിൽ കടന്ന് ചെല്ലാവുന്ന ജനസൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 290 ലക്ഷം രൂപയും കൂടുതൽ സ്ഥല സൗകര്യം അനുവദിക്കുന്നതിന് 500 ലക്ഷം രൂപയും പോലീസ് സ്റ്റേഷനുകൾ ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്ക് കൂടി കടന്നു വരത്തക്കരീതിയിൽ മാറ്റം വരുത്തുന്നതിന് 500 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. സാധാരണക്കാർക്ക് നിർഭയം കടന്നു ചെല്ലാവുന്ന രീതിയിൽ പോലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദപരമാക്കുന്നതിനായി ജനമൈത്രീ

പോലീസ് സംവിധാനം എല്ലാ പോലീസ് സ്റ്റേഷനുകളിലും വ്യാപിപ്പിച്ചു. സംസ്ഥാനത്തുള്ള ഭൂരിപക്ഷം പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിന് റിസപ്ഷൻ, വനിതാ ഹെൽപ്പ് ഡെസ്ക്, ടോയ് ലറ്റോടുകൂടിയുള്ള വിസിറ്റേഴ്സ് റൂം, മുതലായവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വയോജനങ്ങൾക്കായി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, സ്ത്രീകളുടെയും, കുട്ടികളുടെയും പ്രത്യേക സുരക്ഷയ്ക്കായി പിങ്ക് പോലീസ് പട്രോളിംഗ്, വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ഹെൽപ്പ് ഡെസ്ക് മുതലായ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.